കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ഭരണഘടന
# (മുപ്പത്താറാം ഭേദഗതി)
# ആക്ററ്, 1975

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

വില:

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഭരണഘടന
## (മുപ്പത്താറാം ഭേദഗതി)
## ആക്റ്റ്, 1975

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

3/839/MC.

# ഭരണഘടന (മുപ്പത്താറാം ഭേദഗതി) ആക്റ്റ്, 1975

ഇൻഡ്യയുടെ ഭരണഘടന കൂടുതലായി ഭേദഗതി ചെയ്യുന്നതിനുള്ള ആക്റ്റ്.

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്താറാം സംവൽസരത്തിൽ, പാർലമെന്റ്, താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

**ചുരുക്കപ്പേരും പ്രാരംഭവും.**

1. (1) ഈ ആക്റ്റിന്, ഭരണഘടന (മുപ്പത്താറാം ഭേദഗതി) ആക്റ്റ്, 1975 എന്നു പേർ പറയാവുന്നതാണ്.

(2) ഇത്, ഈ ആക്റ്റിനുള്ള ലോകസഭ പാസ്സാക്കിയപ്രകാരമുള്ള [ലോകസഭയിൽ ഭരണഘടന (മുപ്പത്തെട്ടാം ഭേദഗതി) ബിൽ, 1975 ആയി അവതരിപ്പിക്കപ്പെട്ട] ബിൽ രാജ്യസഭ പാസ്സാക്കുന്ന തീയതി പ്രാബല്യത്തിൽ വന്നിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

**ഒന്നാം പട്ടികയുടെ ഭേദഗതി.**

2. ഭരണഘടനയുടെ ഒന്നാം പട്ടികയിൽ, ''1. സ്റ്റേറ്റുകൾ'' എന്ന ശീർഷകത്തിൻകീഴിൽ, 21–ാം ഉൾക്കുറിപ്പിനുശേഷം, താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാകുന്നു, അതായത്:—

> ''22. സിക്കിം ഭരണഘടന (മുപ്പത്താറാം ഭേദഗതി) ആക്റ്റ്, 1975–ന്റെ പ്രാരംഭത്തിനു തൊട്ടു മുൻപ് സിക്കിമിൽ ഉൾക്കൊണ്ടിരുന്ന രാജ്യക്ഷേത്രങ്ങൾ''.

**371 ച എന്ന പുതിയ അനുച്ഛേദം ചേർക്കൽ.**

3. ഭരണഘടനയുടെ 371 ങ അനുച്ഛേദത്തിനുശേഷം, താഴെ പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാകുന്നു, അതായത്:—

സിക്കിം സ്റ്റേററിനെ സംബന്ധിച്ചുള്ള പ്രത്യേക വ്യവസ്ഥകൾ

"371 ച. ഈ ഭരണഘടനയിൽ എന്തുതന്നെയിരുന്നാലും:—

(ക) സിക്കിം സ്റ്റേററിൻെറ നിയമസഭ മുപ്പതിൽ കുറയാത്ത അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതും;

(ഖ) ഭരണഘടന (മുപ്പത്താറാം ഭേദഗതി) ആക്ററ്, 1975–ൻെറ (ഇതിനുശേഷം ഈ അനുച്ഛേദത്തിൽ നിശ്ചിതദിവസം എന്നു പരാമർശിക്കപ്പെടുന്ന) പ്രാരംഭത്തീയതി മുതൽ—

(i) 1974, ഏപ്രിലിൽ സിക്കിമിൽ നടത്തിയ തിരഞ്ഞെടുപ്പുകളുടെ ഫലമായി മുൻപറഞ്ഞ തിരഞ്ഞെടുപ്പുകളിൽ തിരഞ്ഞെടുക്കപ്പെട്ട (ഇതിൽ ഇതിനുശേഷം നിലവിലുള്ള അംഗങ്ങൾ എന്നു പരാമർശിക്കപ്പെടുന്ന) മുപ്പത്തിരണ്ട് അംഗങ്ങളോടുകൂടി രൂപവൽക്കരിക്കപ്പെട്ട സിക്കിമിനുള്ള അസംബ്ലി, സിക്കിം സ്റ്റേററിൻെറ ഈ ഭരണഘടനയിൻ കീഴിൽ യഥാവിധി സംവിധാനം ചെയ്യപ്പെട്ട നിയമസഭയായി കരുതപ്പെടുകയും;

(ii) നിലവിലുള്ള അംഗങ്ങൾ, സിക്കിം സ്റ്റേററിലെ നിയമസഭയുടെ ഈ ഭരണഘടനയിൻ കീഴിൽ യഥാവിധി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളായി കരുതപ്പെടുകയും;

(iii) സിക്കിം സ്റ്റേററിലെ മുൻ പറഞ്ഞ നിയമസഭ, ഈ ഭരണഘടനയിൻ കീഴിൽ, ഒരു സ്റ്റേററിലെ നിയമസഭയുടെ അധികാരങ്ങൾ പ്രയോഗിക്കുകയും, ചുമതലകൾ നിർവ്വഹിക്കുകയും;

ചെയ്യുന്നതും;

(ഗ) (ഖ) ഖണ്ഡത്തിൻ കീഴിൽ സിക്കിം സ്റ്റേററിലെ നിയമസഭയായി കരുതപ്പെടുന്ന അസംബ്ലിയുടെ സംഗതിയിൽ 172–ാം അനുച്ഛേദത്തിലെ (1)–ാം ഖണ്ഡത്തിലെ അഞ്ചുവർഷക്കാലത്തെപ്പററിയുള്ള പരാമർശങ്ങൾക്ക്, നാലുവർഷക്കാലത്തെപ്പററിയുള്ള പരാമർശങ്ങളായി അർത്ഥം കല്പിക്കേണ്ടതും, മുൻപറഞ്ഞ നാലുവർഷക്കാലം നിശ്ചിതദിവസം മുതൽ ആരംഭിക്കുന്നതായി കരുതപ്പെടുന്നതും;

(ഘ) പാർലമെൻറ് നിയമം മുഖേന മററു വ്യവസ്ഥകരം ഉണ്ടാക്കുന്നതുവരെ, സിക്കിം സ്റേറ ററിന് ലോകസഭയിൽ ഒരൊററ സ്ഥാനം തിരിച്ചു വയ്ക്കേണ്ടതും, സിക്കിം സ്റേററ്, സിക്കിമിനുള്ള പാർലമെൻററി നിയോജകമണ്ഡലം എന്നു പേർ പറയപ്പെടേണ്ട ഒരൊററ പാർലമെൻററി നിയോജക മണ്ഡലം ആകുന്നതും;

(ങ) നിശ്ചിതദിവസം നിലവിലുള്ള ലോക സഭയിലെ, സിക്കിം സ്റേററിൻെറ പ്രതിനിധി, സിക്കിം സ്റേററിൻെറ നിയമസഭയിലെ അംഗങ്ങ ളാൽ തിരഞ്ഞെടുക്കപ്പെടേണ്ടതും;

(ച) പാർലമെൻറിന്, സിക്കിമിലെ ജനങ്ങ ളുടെ വിവിധ വിഭാഗങ്ങളുടെ അവകാശങ്ങളും താത്പര്യങ്ങളും സംരക്ഷിക്കുന്ന ആവശ്യത്തിനായി, അങ്ങനെയുള്ളവിഭാഗങ്ങളിൽപ്പെടുന്ന സ്ഥാനാർത്ഥി കളാൽ പൂരിപ്പിക്കപ്പെടാവുന്ന സിക്കിം സ്റേററിൻെറ നിയമസഭയിലെ സ്ഥാനങ്ങളുടെ എണ്ണത്തിനും, ഏതു സഭാ നിയോജകമണ്ഡലങ്ങളിൽ നിന്നാണോ സിക്കിം സ്റേററിൻെറ നിയമസഭയിലേക്കുള്ള തിരഞ്ഞെ ടുപ്പിന് അങ്ങനെയുള്ള വിഭാഗങ്ങളിൽപ്പെടുന്ന സ്ഥാനാർത്ഥികരംക്ക് മാത്രം നില്ക്കാവുന്നത്, അങ്ങനെയുള്ള സഭാനിയോജക മണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയത്തിനും, വ്യവസ്ഥ ചെയ്യാ വുന്നതും;

(ഛ) സിക്കിമിൻെറ ഗവർണ്ണർക്ക്, സമാധാ നത്തിനും സിക്കിമിലെ ജനങ്ങളുടെ വിവിധ വിഭാഗ ങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനം സുനിശ്ചിതമാക്കുന്നതിനുള്ള നീതിപൂർവ്വകമായ ഏർപ്പാടിനും ഉള്ള പ്രത്യേകോത്തരവാദിത്വം ഉണ്ടാ യിരിക്കുന്നതും, ഈ ഖണ്ഡത്തിൻ കീഴിലെ തൻെറ പ്രത്യേകോത്തരവാദിത്വത്തിൻെറ നിർവ്വഹണത്തിൽ, സിക്കിം ഗവർണ്ണർ, രാഷ്ട്രപതി യുക്തമെന്നു തോന്നുന്നവിധം അപ്പോഴപ്പോരം പുറപ്പെടുവിക്കുന്ന നിദേശങ്ങരംക്ക് വിധേയമായി, സ്വവിവേകം ഉപ യോഗിച്ച് പ്രവർത്തിക്കേണ്ടതും;

(ജ) നിശ്ചിത ദിവസത്തിനു തൊട്ടുമുൻപ് സിക്കിം ഗവൺമെൻറിലോ, അല്ലെങ്കിൽ സിക്കിം ഗവൺമെൻറിൻെറ ആവശ്യങ്ങളിലേക്കായി മറേറതെ ങ്കിലും അധികാരസ്ഥാനത്തിലോ, ഏതെങ്കിലും ആളിലോ നിക്ഷിപ്തമായിരുന്ന എല്ലാ വസ്തുവും

ആസ്തികളും (സിക്കിം സ്റേററിൽ ഉൾക്കൊള്ളുന്ന രാജ്യക്ഷേത്രങ്ങളുടെ അകത്തോ പുറത്തോ ഉള്ളവയായാലും) നിശ്ചിത ദിവസം മുതൽ സിക്കിം സ്റേററിന്റെ ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്നതും;

(ഝ) സിക്കിം സ്റേററിൽ ഉൾക്കൊള്ളുന്ന രാജ്യക്ഷേത്രങ്ങളിൽ നിശ്ചിതദിവസത്തിനു തൊട്ടുമുൻപ്, ഹൈക്കോടതി എന്ന നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹൈക്കോടതി, നിശ്ചിതദിവസത്തിലും അതു മുതലയ്ക്കും സിക്കിം സ്റേററിന്റെ ഹൈക്കോടതിയായി കരുതപ്പെടുന്നതും;

(ഞ) നിശ്ചിത ദിവസത്തിലും അതുമുതലയ്ക്കും, സിക്കിം സ്റേററിന്റെ രാജ്യക്ഷേത്രത്തിലെവിടേയുമുള്ള സിവിലോ ക്രിമിനലോ റവന്യൂവോ ആയ അധികാരിതയുള്ള എല്ലാ കോടതികളും, ജുഡീഷ്യലോ നിർവ്വാഹകമോ മിനിസ്റ്റീരിയലോ ആയ എല്ലാ അധികാരസ്ഥാനങ്ങളും, എല്ലാ ഉദ്യോഗസ്ഥൻമാരും, ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്കു വിധേയമായി, അവരവരുടേയോ അതാതിൻേറയോ യഥാക്രമമുള്ള ചുമതലകൾ തുടർന്നു നിർവ്വഹിക്കേണ്ടതും;

(ട) സിക്കിം സ്റേററിൽ ഉൾക്കൊള്ളുന്ന രാജ്യക്ഷേത്രങ്ങളിലോ, അവയുടെ ഏതെങ്കിലും ഭാഗത്തോ നിശ്ചിത ദിവസത്തിന് തൊട്ടുമുൻപ്, പ്രാബല്യത്തിലുള്ള എല്ലാ നിയമങ്ങളും, ക്ഷമതയുള്ള ഒരു നിയമനിർമ്മാണ മണ്ഡലത്താലോ, മററു ക്ഷമതയുള്ള അധികാരസ്ഥാനത്താലോ ഭേദഗതി ചെയ്യപ്പെടുകയോ, റദ്ദാക്കപ്പെടുകയോ ചെയ്യുന്നതുവരെ അവിടെ പ്രാബല്യത്തിൽ തുടരുന്നതും;

(ഠ) (ട) ഖണ്ഡത്തിൽ പരാമർശിച്ചതുപോലെയുള്ള ഏതെങ്കിലും നിയമം, സിക്കിം സ്റേററിന്റെ ഭരണം സംബന്ധിച്ചു ബാധകമാക്കുന്നതു സൗകര്യപ്പെടുത്തുന്നതിനും, അങ്ങനെയുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ ഈ ഭരണഘടനയിലെ വ്യവസ്ഥകളോടു പൊരുത്തപ്പെടുത്തുന്നതിനും രാഷ്ട്രപതി, നിശ്ചിതദിവസം മുതൽ രണ്ടുവർഷത്തിനകം, ഉത്തരവുമുഖേന റദ്ദാക്കലോ ഭേദഗതിയോ വഴി, ആ നിയമത്തിന് ആവശ്യകമോ സമീചീനമോ ആയ അനുയോജനങ്ങളും രൂപഭേദങ്ങളും ഉണ്ടാക്കാവുന്നതും, അതോടെ, അങ്ങനെയുള്ള ഏതൊരു നിയമത്തിനും, അപ്രകാരം ഉണ്ടാക്കപ്പെട്ട അനുയോജന

ങ്ങൾക്കും രൂപഭേദങ്ങൾക്കും വിധേയമായി, പ്രഭാവം ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള ഏതെങ്കിലും അനുയോജനമോ രൂപഭേദമോ യാതൊരു നിയമക്കോടതിയിലും ചോദ്യം ചെയ്യുവാൻ പാടില്ലാത്തതും;

(ഡ) സുപ്രീം കോടതിക്കോ മറേറതെങ്കിലും കോടതിക്കോ സിക്കിമിനെ സംബന്ധിക്കുന്നതും നിശ്ചിത ദിവസത്തിനു മുൻപ് ഏർപ്പെടുകയോ ഒപ്പിട്ടു പൂർത്തീകരിക്കുകയോ ചെയ്തിട്ടുള്ളതും ഇൻഡ്യാ ഗവൺമെൻേറാ അതിൻെറ ഏതെങ്കിലും മുൻഗാമി ഗവൺമെൻേറാ കക്ഷിയായിരുന്നതും ആയ ഏതെങ്കിലും സന്ധിയിലോ കരാറിലോ ഉടമ്പടിയിലോ, മററു സദൃശപ്രമാണങ്ങളിലോ നിന്നു ഉദ്ഭവിക്കുന്ന ഏതെങ്കിലും തർക്കമോ മററു വിഷയമോ സംബന്ധിച്ച് അധികാരിത ഉണ്ടായിരിക്കുന്നതല്ലാത്തതും, എന്നാൽ ഈ ഖണ്ഡത്തിലെ യാതൊന്നിനും 143-ാം അനുഛേദത്തിലെ വ്യവസ്ഥകൾക്ക് ന്യൂനത വരുത്തുന്നതായി അർത്ഥം കല്പിക്കാൻ പാടില്ലാത്തതും;

(ഢ) രാഷ്ട്രപതിക്ക്, പൊതുവിജ്ഞാപനം വഴി, വിജ്ഞാപനത്തീയതി ഇൻഡ്യയിലെ ഒരു സ്റേററിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും അധിനിയമം, യുക്തമെന്നു തോന്നുന്ന പരിമിതികളോടോ രൂപഭേദങ്ങളോടോ കൂടി, സിക്കിം സ്റേററിലേക്ക് വ്യാപിപ്പിക്കാവുന്നതും;

(ണ) ഈ അനുഛേദത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ ഏതിനെങ്കിലും പ്രഭാവം നല്കുന്നതിൽ എന്തെങ്കിലും വിഷമത ഉദ്ഭവിക്കുന്നുവെങ്കിൽ, രാഷ്ട്രപതിക്ക് ഉത്തരവു മുഖേന ആ വിഷമത നീക്കം ചെയ്യുന്നതിനു ആവശ്യകമെന്നു തോന്നുന്ന എന്തും (മറേറതെങ്കിലും അനുഛേദത്തിൻെറ ഏതെങ്കിലും അനുയോജനമോ രൂപഭേദപ്പെടുത്തലോ ഉൾപ്പെടെ) ചെയ്യാവുന്നതും—

എന്നാൽ നിശ്ചിത ദിവസം മുതൽ രണ്ടുവർഷം അവസാനിച്ചതിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും ചെയ്യാൻ പാടില്ലാത്തതും;

(ത) നിശ്ചിതദിവസം ആരംഭിക്കുന്നതും ഭരണഘടന (മുപ്പത്താറാം ഭേദഗതി) ആക്റ്റ്, 1975-ന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കുന്ന തീയതിക്കു തൊട്ടുമുമ്പ് അവസാനിക്കുന്നതും ആയ കാലത്ത്, സിക്കിം സ്റേററിലോ അതിൽ ഉൾക്കൊള്ളുന്ന രാജ്യ

ക്ഷേത്രങ്ങളിലോ, അല്ലെങ്കിൽ അവ സംബന്ധിച്ചോ, ചെയ്യുന്ന എല്ലാ കാര്യങ്ങളും, എടുക്കുന്ന എല്ലാ നടപടികളും, അവ ഭരണഘടന (മുപ്പത്താറാം ഭേദഗതി) ആക്റ്റ്, 1975—നാൽ ഭേദഗതി ചെയ്യപ്പെട്ട വിധമുള്ള ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് അനുരൂപമായിരിക്കുന്നിടത്തോളം, എല്ലാ ആവശ്യങ്ങൾക്കും, അപ്രകാരം ഭേദഗതി ചെയ്യപ്പെട്ട വിധമുള്ള ഈ ഭരണഘടനയിൻ കീഴിൽ സാധുവായി ചെയ്തതോ എടുത്തതോ ആയി കരുതപ്പെടുന്നതും,

ആകുന്നു.

നാലാം പട്ടികയുടെ ഭേദഗതി.

4. ഭരണഘടനയുടെ നാലാംപട്ടികയിൽ, അനുസൂചിയിൽ,—

(ക) 21—ാം ഉൾക്കുറിപ്പനുശേഷം, താഴെ പറയുന്ന ഉൾക്കുറിപ്പു ചേർക്കേണ്ടതാണ്, അതായത്:—

''22. സിക്കിം 1''

(ഖ) ഇപ്പോഴുള്ള, 22 മുതൽ 25 വരെയുള്ള ഉൾക്കുറിപ്പുകൾ യഥാക്രമം 23 മുതൽ 26 വരെയുള്ള ഉൾക്കുറിപ്പുകളായി വീണ്ടും നമ്പരിടേണ്ടതും;

(ഗ) ''231'' എന്ന അക്കങ്ങൾക്കു പകരം ''232'' എന്ന അക്കങ്ങൾ ചേർക്കേണ്ടതും;

ആകുന്നു.

അനന്തരഫലമായുള്ള ഭേദഗതികൾ.

5. ഭരണഘടനയിൽ, താഴെ പറയുന്ന അനന്തരഫലമായുള്ള ഭേദഗതികൾ ചെയ്യേണ്ടതാണ്, അതായത്:—

(ക) 2 ക എന്ന അനുച്ഛേദം വിട്ടുകളയേണ്ടതാകുന്നു;

(ഖ) 80—ാം അനുച്ഛേദത്തിൽ, (1)-ാം ഖണ്ഡത്തിൽ ''പത്താംപട്ടിക 4—ാം ഖണ്ഡികയിലെ വ്യവസ്ഥകൾക്കു വിധേയമായി'' എന്ന വാക്കുകളും അക്കവും വിട്ടുകളയേണ്ടതാകുന്നു;

(ഗ) 81—ാം അനുച്ഛേദത്തിൽ (1)—ാം ഖണ്ഡത്തിൽ, ''പത്താം പട്ടികയിലെ 4—ാം ഖണ്ഡികയും'' എന്ന വാക്കുകളും അക്കവും വിട്ടുകളയേണ്ടതാകുന്നു;

(ഘ) പത്താംപട്ടിക വിട്ടുകളയേണ്ടതാകുന്നു.